# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 473 | 08.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി മൂലം നികുതി വർദ്ധനവ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.അബ്ദുൽ ഹമീദ് പി. | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ജി. എസ്. ടി. നടപ്പിലാക്കിയപ്പോൾ പല സാധനങ്ങൾക്കും ഉപഭോക്താവ് നൽകിയിരുന്ന നികുതി ഇരട്ടിക്കുകയോ ഗണ്യമായി വർദ്ധിക്കുകയോ ചെയ്തിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ജി.എസ്.ടി നടപ്പിലാക്കിയപ്പോൾ നികുതി നിരക്കിൽ കുറവുണ്ടായെങ്കിലും ചില സാധനങ്ങളുടെ വില വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ടാക്സേഷൻ സിസ്ററം മാറിയത് കൊണ്ടു മാത്രം നികുതി വർദ്ധനവ് ഉണ്ടായതിനെ എങ്ങനെയാണ് നീതീകരിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) യും (സി) യും | ചരക്ക സേവന നികുതി ഘടനയിൽ നികുതി നിരക്ക് നിശ്ചയിക്കുന്നത് ജി.എസ്.ടി കൗൺസിലാണ്. കേന്ദ്ര ധനകാര്യ മന്ത്രി ചെയർമാനും സംസ്ഥാന/കേന്ദ്രഭരണ പ്രദേശങ്ങളിലെ ധന/നികുതി വകുപ്പ് മന്ത്രിമാർ ഇതിലെ അംഗങ്ങളുമാണ്. ഈ സംവിധാനത്തിൽ കേന്ദ്ര സർക്കാരിനോ ഏതെങ്കിലും സംസ്ഥാനത്തിനോ ഏകപക്ഷീയമായി നികുതി നിരക്കിൽ മാറ്റം വരുത്തുവാൻ അധികാരമില്ല. |
| (സി) | നികുതി സമ്പ്രദായത്തിലെ മാറ്റം കൊണ്ട് മാത്രം നികുതി വർദ്ധിപ്പിച്ച ഉത്പന്നങ്ങളുടെ നികുതി മുൻ സമ്പ്രദായത്തിൽ ഉണ്ടായിരുന്നതിന് തുല്യമായി നിലനിർത്തുന്നതിന്റെ സാധ്യതകൾ പരിശോധിക്കുമോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ